# നെഹ്റു ട്രോഫി
# മാധ്യമ അവാർഡിന് എൻട്രികൾ അയയ്ക്കാം

മാധ്യമപ്രവർത്തകർക്കായി ആലപ്പുഴ നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി ഏർപ്പെടുത്തിയ നെഹ്റു ട്രോഫി മാധ്യമ അവാർഡിന് അപേക്ഷിക്കാം. 64-ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗമായി, 2016 ജൂലൈ 13 മുതൽ ആഗസ്റ്റ് 14 വരെ പത്രങ്ങളിലും ആനുകാലികങ്ങളിലും മലയാളം ടി.വി. ചാനലുകളിലും പ്രസിദ്ധീകരിച്ച, ജലമേളയുടെ പ്രചാരണത്തിനു സഹായകമായ റിപ്പോർട്ട്, വാർത്താദൃശ്യം എന്നിവയാണ് പരിഗണിക്കുക.

പത്ര-ദൃശ്യമാധ്യമറിപ്പോർട്ടർ, പത്രഫോട്ടോഗ്രാഫർ, ദൃശ്യമാധ്യമത്തിലെ കാമറാമാൻ എന്നിങ്ങനെ നാല് വിഭാഗങ്ങളിലുള്ള മാധ്യമപ്രവർത്തകർക്ക് അപേക്ഷിക്കാം. ട്രോഫിയും 10,001 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

അച്ചടി മാധ്യമ റിപ്പോർട്ടിന് അവാർഡിനായി അവ പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനൽ ക്ലിപ്പിങ്ങിനു പുറമേ ര ു കോപ്പികൾ കൂടി അയയ്ക്കണം. വാർത്താ ചിത്രത്തിന്റെ 10 x 8 വലിപ്പത്തിലുള്ള മൂന്നു പ്രതികളും ചിത്രം അച്ചടിച്ച പത്രത്തിന്റെ ഒരു പ്രതിയും വയ്ക്കണം.

മലയാളം ടി.വി. ചാനലിലെ വാർത്താ ബുള്ളറ്റിനിലോ വാർത്താ മാഗസിനിലോ സംപ്രേഷണം ചെയ്ത, ഏഴു മിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളുടെ ഡി.വി.ഡി./സി.ഡി. ഫോർമാറ്റ് സമർപ്പിക്കണം. ര ു കോപ്പി നല്കണം. ഒരു ചാനലിൽ നിന്ന് ഓരോ വിഭാഗത്തിലും പരമാവധി അഞ്ച് എൻട്രിയേ പാടുള്ളൂ. എൻട്രിയോടൊപ്പം ചിത്രത്തിന്റെ ടൈറ്റിൽ, ഉള്ളടക്കം, തീയതി, ദൈർഘ്യം, വിവരണം എന്നിവ എഴുതി നൽകണം. ഒരു സ്റ്റോറി പല ഭാഗങ്ങളായി സമർപ്പിക്കാതെ സമഗ്രസ്വഭാവത്തോടു കൂടിയ വാർത്താ റിപ്പോർട്ടായി നല്കേ താണ്.

പ്രസിദ്ധപ്പെടുത്തിയ പത്രം, ടി.വി. ചാനൽ എന്നിവയുടെ പേര്, തീയതി, സമയം, ജേണലിസ്റ്റിന്റെ/ഫോട്ടോഗ്രാഫറുടെ/കാമറാമാന്റെ പേര്, വിലാസം എന്നിവ എൻട്രിയോടൊപ്പം മറ്റൊരു പേപ്പറിൽ ചേർത്തിരിക്കണം. ഒരാൾക്ക് ഒരു വിഭാഗത്തിൽ പരമാവധി ര ് എൻട്രികൾ അയയ്ക്കാം. ഒരേ എൻട്രി ഒന്നിലേറെ വിഭാഗങ്ങളിലേക്ക് അയയ്ക്കാൻ പാടില്ല. ഓരോ എൻട്രിയും പ്രത്യേകം കവറിൽ അയയ്ക്കണം. കവറിനു പുറത്ത് മത്സരവിഭാഗം ഏതെന്നു രേഖപ്പെടുത്തിയിരിക്കണം. സി.ഡി./ഡി.വി.ഡി.യുടെ പുറത്ത് അപേക്ഷകൻ പേരെഴുതി ഒപ്പിടണം. എൻട്രി അപേക്ഷകൻ തയ്യാറാക്കിയതാണെന്നതിന് ന്യൂസ് എഡിറ്ററുടെയോ സ്ഥാപനത്തിലെ മറ്റ് മേലധികാരിയുടെയോ സാക്ഷ്യപത്രവും വയ്ക്കണം.

എൻട്രികൾ 2016 ആഗസ്റ്റ് 31ന് വൈകിട്ട് അഞ്ചിനകം ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സെക്രട്ടറി-നെഹ്റു ട്രോഫി മാധ്യമ അവാർഡ് കമ്മിറ്റി, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ -688 001 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0477 2251349.

(പി.എൻ.എ. 1490/16)